**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1884** **31-08-2022 - ൽ മറുപടിയ്ക്ക്**

**തീരദേശമേഖലയിലെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് തുടരുന്നതുമായ തീരദേശമേഖലയിലെ അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | ഫിഷറീസ് വകുപ്പ് മുഖേനയും അനുബന്ധ ഏജൻസികൾ മുഖേനയും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് തുടരുന്നതുമായ തീരദേശമേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ വിശദവിവരം അനുബന്ധം 1ആയി ചേർക്കുന്നു. |
| (ബി) | മത്സ്യബന്ധന തുറമുഖങ്ങൾക്കും തീരദേശ റോഡുകൾക്കുമായി ചെലവഴിക്കുന്ന തുക ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (ബി) | ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | തീരദേശവാസികൾക്ക് വീട് നിർമിച്ച് നൽകുന്നതിനായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (സി) | തീരദേശവാസികൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനായുള്ള പദ്ധതികൾ സംബന്ധിച്ച് ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു. |
| (ഡി) | വിഴിഞ്ഞം തുറമുഖം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശവാസികൾക്ക് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ? | (ഡി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രദേശത്തെ അടിസ്ഥാന സൗകര്യ വികസനത്തിനും തദ്ദേശവാസികളുടെ ക്ഷേമത്തിനും ജീവനോപാധി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് നടപ്പാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-4 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

**ഫിഷറീസ് വകുപ്പ് മുഖേനയും അനുബന്ധ ഏജൻസികൾ മുഖേനയും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് തുടരുന്നതുമായ തീരദേശമേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ വിശദവിവരം**

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നിലവിൽ തുടർന്നുവരുന്ന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് 204 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം | 2040.00 | പദ്ധതി പുരോഗമിക്കുന്നു |
| 2 | ജി.ആർ.എഫ്.ടി.എച്ച്.എസ്., ബേപ്പൂർ, കോഴിക്കോട് – സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കൽ | 435.00 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 3 | ജി.ആർ.എഫ്.ടി.എച്ച്.എസ്., താനൂർ, മലപ്പുറം – സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കൽ | 1002.00 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 4 | ജി.ആർ.എഫ്.ടി.എച്ച്.എസ്., വലിയതുറ, തിരുവനന്തപുരം – സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കൽ | 476.00 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 5 | ഫിഷർമെൻ യൂട്ടിലിറ്റി സെന്റർ, അജാനൂർ | 94.90 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 6 | പി.എച്ച്.സി. പേരയം, കൊല്ലം – വികസനം | 167.98 | പദ്ധതി പുരോഗമിക്കുന്നു |
| 7 | എം.വി.ജി.എൽ.പി.എസ്. പേരൂർ, കൊല്ലം – വികസനം | 289.99 | പദ്ധതി പുരോഗമിക്കുന്നു |
| | **കിഫ്ബി പദ്ധതികൾ** | | |
| | തീരസംരക്ഷണ പ്രവൃത്തി | | |

| | | | |
|---|---|---|---|
| 1 | കൊല്ലം ജില്ലയിൽ കൊല്ലം ബീച്ച് മുതൽ താന്നിവരെയുള്ള തീരസംരക്ഷണ പ്രവൃത്തി | 3508.00 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 2 | തിരുവനന്തപുരം ജില്ലയിൽ പൂന്തുറ തീരസംരക്ഷണ പ്രവൃത്തി | 2078.10743 | പദ്ധതി പുരോഗമിക്കുന്നു |
| | ഹാർബർ നിർമ്മാണം | | |
| 1 | പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം | 11221.80 | പദ്ധതി പുരോഗമിക്കുന്നു |
| | **വിദ്യാഭ്യാസ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ** | | |
| 1 | ഗവ. യു.പി. സ്കൂൾ, ബീമാപള്ളി, തിരുവനന്തപുരം | 125.84444 | പദ്ധതി പുരോഗമിക്കുന്നു |
| 2 | ഗവ. എൽ.പി. സ്കൂൾ, വർക്കല | 173.22005 | പദ്ധതി പുരോഗമിക്കുന്നു |
| 3 | കെ.ജി.വി. ഗവ. യു.പി. സ്കൂൾ, ഇളമ്പല്ലൂർ, കൊല്ലം | 186.59297 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 4 | ഗവ. യു.പി. സ്കൂൾ കാർത്തികപ്പള്ളി, ആലപ്പുഴ | 201.21312 | പദ്ധതി പുനക്രമീകരിച്ചു. പ്രാരംഭ ഘട്ടത്തിൽ |
| 5 | ഗവ. ഹയർ സെക്കന്ററി സ്കൂൾ വീയ്യപുരം, ആലപ്പുഴ | 162.19758 | പദ്ധതി പുരോഗമിക്കുന്നു |
| 6 | ഗവ. യു.പി. സ്കൂൾ, ആരിയാട് നോർത്ത്, ആലപ്പുഴ | 85.13593 | പദ്ധതി പുരോഗമിക്കുന്നു |
| 7 | കോനാത്ത്കുന്ന് ഗവ. എൽ.പി. സ്കൂൾ, വെള്ളങ്ങല്ലൂർ, തൃശ്ശൂർ | 227.74186 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 8 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, വെളിയംകോട്, മലപ്പുറം | 130.0279 | പദ്ധതി പുരോഗമിക്കുന്നു |
| 9 | ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ, ചാലിയം, കോഴിക്കോട് | 58.93915 | പദ്ധതി പുരോഗമിക്കുന്നു |
| 10 | ഗവ. എൽ.പി. സ്കൂൾ, പള്ളിക്കണ്ടി | 66.07843 | പദ്ധതി |

| | | | |
|---|---|---|---|
| | സൗത്ത്, കോഴിക്കോട് | | പുരോഗമിക്കുന്നു |
| 11 | ഗവ. ഹയർ സെക്കന്ററി സ്കൂൾ പുതിയാപ്പ, കോഴിക്കോട് | 158.19330 | പദ്ധതി പുരോഗമിക്കുന്നു |
| 12 | ഗവ. ഫിഷറീസ് യു.പി. സ്കൂൾ, കൊയിലാണ്ടി, കോഴിക്കോട് | 63.7201 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 13 | ഗവ. യു.പി. സ്കൂൾ, അന്തിട്ട, കൊയിലാണ്ടി, കോഴിക്കോട് | 92.6987 | പദ്ധതി പുരോഗമിക്കുന്നു |
| 14 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, കൊട്ടുവള്ളി, കണ്ണൂർ | 202.6 | പദ്ധതി പുരോഗമിക്കുന്നു |
| 15 | ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ, അഴീക്കോട് | 65.32536 | പദ്ധതി പുരോഗമിക്കുന്നു |
| 16 | ഗവ. ഹയർ സെക്കന്ററി സ്കൂർ, രാമന്തളി, കണ്ണൂർ | 142.27140 | പദ്ധതി പുരോഗമിക്കുന്നു |
| 17 | ഗവ. മാപ്പിള യു.പി.എസ്, പള്ളിക്കര | 187.65004 | പദ്ധതി പുരോഗമിക്കുന്നു |

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിലവിൽ നടപ്പിലാക്കുന്ന തീരദേശ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

**കിഫ്ബി**

കിഫ്ബി ധനസഹായത്തോടെയുള്ള പരപ്പനങ്ങാടി (112.22 കോടി രൂപ), ചെത്തി (97.44 കോടി രൂപ) എന്നീ രണ്ട് പുതിയ മത്സ്യബന്ധന തുറമുഖ പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

**നബാർഡ്**

ഹാർബറുകളുടെ നവീകരണത്തിനും പരിപാലനത്തിനും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 182.69 കോടി രൂപയുടെ അനുമതി ലഭ്യമായി. NABARD RIDF XXIII ലെ 3 പ്രവൃത്തികൾ പൂർത്തീകരിച്ചു. ഒരു പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. NABARD RIDF XXVI, NABARD RIDF XXVII ലെ പദ്ധതികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**നബാർഡ് XXIII ആകെ (25.37 കോടി)**

വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (650.00 ലക്ഷം)– പൂർത്തീകരണ ഘട്ടത്തിലാണ്.

**<u>നബാർഡ് XXVI ആകെ (57.44 കോടി)</u>**

1. തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (514.00 ലക്ഷം)–പുരോഗമിക്കുന്നു.
2. നീണ്ടകര ഫിഷിംഗ് ഹാർബറിലെ നിലവിലുള്ള ഘടകങ്ങളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാന സൗകര്യ വികസനവും (1000.00 ലക്ഷം)–പുരോഗമിക്കുന്നു
3. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിലെ വിപുലീകരണവും ആധുനീകരണവും (ശക്തികുളങ്ങര) (3450.00 ലക്ഷം)–പുരോഗമിക്കുന്നു
4. കായംകുളം മത്സ്യബന്ധന തുറമുഖത്തിലെ അധിക ബർത്തിംഗ് ഫെസിലിറ്റിയുടെ നിർമ്മാണം (780.00 ലക്ഷം)–പുരോഗമിക്കുന്നു

**<u>നബാർഡ് XXVII ആകെ (55.54 കോടി)</u>**

1. താനൂർ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1390.76 ലക്ഷം) – പുരോഗമിക്കുന്നു.
2. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1343 ലക്ഷം)– പുരോഗമിക്കുന്നു.
3.വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1153 ലക്ഷം)– പുരോഗമിക്കുന്നു.
4. വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അടിസ്ഥാന വികസനം – (1668 ലക്ഷം) പുരോഗമിക്കുന്നു.

**<u>ഓഖി ഡെവലപ്പ്മെന്റ് പാക്കേജ്</u>**

ഓഖി ഡെവലപ്പ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി 5 മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി 54.70 കോടി രൂപയുടെ അനുമതി നൽകി. ആയതിൽ 3 പ്രവൃത്തികൾ പൂർത്തീകരിച്ചു. 2 പ്രവൃത്തികൾ പുരോഗമിച്ചു വരികയുമാണ്.

1.തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം(1338 ലക്ഷം) – ഫേസ് I– പുരോഗമിക്കുന്നു.

2.കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം–(844 ലക്ഷം) ഫേസ്– 1 – പുരോഗമിക്കുന്നു.

**<u>തീരദേശ റോഡുകൾ</u>**

തീരദേശ റോഡുകളുടെ നിർമ്മാണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 803.28 കോടി

രൂപയുടെ 1848 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. ആയതിൽ 1411 പ്രവൃത്തികൾ പൂർത്തീകരിച്ചു. 286 പ്രവൃത്തികൾ പുരോഗമിക്കുന്നു. ഈ സർക്കാരിന്റെ കാലത്ത് തീരദേശ റോഡുകളുടെ നിർമ്മാണത്തിനായി 87.34 കോടി രൂപയുടെ 167 റോഡുകൾക്ക് ഭരണാനുമതി നൽകിയതിൽ 30 റോഡുകൾ പൂർത്തീകരിച്ചു. 135 റോഡുകൾ പുരോഗമിക്കുന്നു.

**ഓഖി പുനരധിവാസ പദ്ധതികൾ**

മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കാലാവസ്ഥ മുന്നറിയിപ്പുകൾ നൽകുന്നതിന് സഹായകമായ "നാവിക്" ഉപകരണങ്ങൾ 941 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകുകയും 168 എണ്ണം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ 120 എഫ് ആർ പി ബോട്ടുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. ഇത് കൂടാതെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലായി 900 മത്സ്യത്തൊഴിലാളികളെയും 300 യാനങ്ങളെയും ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചു വരുന്നു. ഇതിനകം 719 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കിയ തൊഴിലാളികളിൽ നിന്നും സംസ്ഥാനത്തെ 15 ഹാർബറുകളിൽ 100 റെസ്ക്യൂ സ്ക്വാഡ് താൽക്കാലികമായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കടൽ രക്ഷാ പ്രവർത്തനത്തിനായി 3 മറൈൻ ആംബുലൻസുകൾ 18.24 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്നു. ദുരന്തബാധിതരായ മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ പുനസ്ഥാപിക്കുന്നതിനായി വിഴിഞ്ഞം തുറമുഖ പ്രദേശത്ത് ഒരു ആധുനിക ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള തീരദേശ വികസന കോർപ്പറേഷനാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. പദ്ധതി നടപ്പിലാക്കി വരുന്നു. ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ മക്കളായ 309 പേരുടെ സൗജന്യ വിദ്യാഭ്യാസത്തിനായി 13.92 കോടി രൂപ അനുവദിക്കുകയും 2018-19 ൽ 53.75 ലക്ഷം രൂപയും 2019-20 ൽ 55.1 ലക്ഷം രൂപയും 2020-21 ൽ 45 ലക്ഷം രൂപയും 2021-22 ൽ 40.6 ലക്ഷം രൂപയും 2022-23 ൽ 50 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.

സംസ്ഥാനത്തൊട്ടാകെ ഓഖി ദുരന്തത്തിൽ 72 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഭവനങ്ങൾ പൂർണ്ണമായും 458 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഭവനങ്ങൾ ഭാഗികമായും തകർന്നിട്ടുണ്ട്. 72 പേർക്ക് ഭൂമി കണ്ടെത്തി ഭവനം നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് 741 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. താമസിക്കാൻ സന്നദ്ധരായ 22 പേർ സ്ഥലം കണ്ടെത്തി ഭവന നിർമ്മാണം പൂർത്തീകരിച്ചു.

ഇതിൽ തിരുവനന്തപുരം ജില്ലയിൽ 18 പേർക്ക് മുട്ടത്തറ, ബീമാപള്ളി എന്നിവിടങ്ങളിൽ വകുപ്പ്

മുഖേന നിർമ്മാണം പൂർത്തീകരിച്ച് ഫ്ലാറ്റ് അനുവദിച്ചിട്ടുണ്ട്. ജില്ലയിലെ 7 പേർക്ക് കൂടി ഫ്ലാറ്റ് വേണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇവരെ വലിയതുറയിൽ നിർമ്മിക്കുന്ന ഫ്ളാറ്റിൽ പുനരധിവസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

കൊല്ലം ജില്ലയിൽ മാറി താമസിക്കുവാൻ സന്നദ്ധനായ ഒരാൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ മാറി താമസിക്കുവാൻ സന്നദ്ധരായ 18 പേരിൽ 18 പേരും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഒരാളും കാസർഗോഡ് ജില്ലയിൽ 2 പേരും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

സർക്കാരിന്റെ വിവിധ ഭവന നിർമ്മാണ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഓഖിയിൽ വീട് നഷ്ടപ്പെട്ട എറണാകുളം ജില്ലയിൽ നിന്നുള്ള 4 പേർക്കും തൃശ്ശൂർ ജില്ലയിൽ നിന്നുള്ള 5 പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. 5 പേർക്ക് തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ ഫ്ളാറ്റ് അനുവദിച്ചിട്ടുണ്ട്. മാറി താമസിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ച ആർക്കും ഇനി ധനസഹായം അനുവദിക്കാനില്ല.

ഭാഗികമായി വീട് നഷ്ടപ്പെട്ട 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധികരിക്കുന്നതിനു 2.0415 കോടി രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകി ഇതിൽ 194.5 ലക്ഷം രൂപ ചിലവഴിച്ചു.

ഇതിനു പുറമേ തിരുവനന്തപുരം ജില്ലയിൽ ഓഖിയിൽ മരണപെട്ടതും കാണാതായവരുടെയും കുടുംബത്തിൽപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥലവും വീടുമില്ലാത്ത 32 കുടുംബങ്ങൾക്ക് ഭൂമി വാങ്ങി ഭവന നിർമ്മാണത്തിനും ഭവനരഹിതരായ 6 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി 3.44 കോടി രൂപ ഓഖി ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഇതിൽ ഭൂരഹിത ഭവന രഹിതരായ 26 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം പുരോഗമിക്കുന്നു. ഭവന രഹിതരായ 6 പേരിൽ 2 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 2,12,71,620/- കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

KMFR Act ന്റെ നടത്തിപ്പിനും കടൽ രക്ഷാ പ്രവർത്തനങ്ങൾക്കും കടൽ പട്രോളിംഗിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഫിഷറീസ് സ്റ്റേഷനുകൾ ഇല്ലാത്ത ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളിയിലും തൃശ്ശൂർ ജില്ലയിലെ അഴീക്കോടും മലപ്പുറം ജില്ലയിലെ പൊന്നാനിയിലും കാസർഗോഡ് ജില്ലയിലെ കീഴൂരും ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**<u>മത്സ്യത്തൊഴിലാളി പുനരധിവാസം</u>**

2016-17 മുതൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ ഭവന പദ്ധതികളിൽ ഉൾപ്പെടുത്തി 3561 പേരെ ഭവന നിർമ്മാണ ധനസഹായത്തിന് പരിഗണിച്ചതിൽ 3041 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് മുഖേന 2016-17 മുതൽ നടപ്പിലാക്കിയ വിവിധ പുനരധിവാസ പദ്ധതികളിൽ ഉൾപ്പെടുത്തി 1854 പേരെ പുനരധിവസിപ്പിക്കുന്നതിന് പരിഗണിച്ചതിൽ 1429 പേർ സ്ഥലം റജിസ്റ്റർ ചെയ്യുകയും 1199 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 2017-18 മുതൽ ഫിഷറീസ് വകുപ്പ് മുഖേന ഭവന നിർമ്മാണ

പദ്ധതികൾ നടപ്പിലാക്കുന്നില്ല. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതികളാണ് ഫിഷറീസ് വകുപ്പ് നിലവിൽ നടപ്പിലാക്കുന്നത്. നിലവിൽ ഭൂമിയുള്ള ഭവനരഹിതരായവരും ഭൂരഹിത ഭവനരഹിതരുമായ അർഹതപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികൾക്കും സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതി വഴിയാണ് ഭവന നിർമ്മാണ ധനസഹായം നൽകുന്നത്.

തീരദേശവാസികളുടെ പുനരധിവാസ പദ്ധതിയായ പുനർഗേഹം പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയിൽ തീരദേശ ജില്ലകളിലെ 8375 ഗുണഭോക്താക്കൾ മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതിൽ 3382 ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തുകയും 2701 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും 2171 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുകയും 1480 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഫ്ലാറ്റുകളിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20) മലപ്പുറം ജില്ലയിൽ പൊന്നാനി (128) എന്നിവിടങ്ങളിലായി 276 കുടുംബങ്ങളെ ഫ്ലാറ്റ് നിർമ്മിച്ച് ഇതിനോടകം പുരനധിവസിപ്പിച്ചിട്ടുണ്ട്. കൊല്ലം QSS കോളനിയിൽ(114)ഫ്ലാറ്റുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ആലപ്പുഴ ജില്ലയിൽ മണ്ണുംപുറത്ത് 228 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിനു പുറമെ തിരുവനന്തപുരം ജില്ലയിലെ വലിയതുറ (192), കാരോട് (24), മലപ്പുറം ജില്ലയിലെ പൊന്നാനി (100), നിറമരുതൂർ (16), കോഴിക്കോട് ജില്ലയിലെ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിലെ കോയിപ്പാടി (144)എന്നിവിടങ്ങളിലായി 556 ഫ്ലാറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**അനുബന്ധം-2**

**മത്സ്യബന്ധന തുറമുഖങ്ങൾക്കും തീരദേശ റോഡുകൾക്കുമായി ചെലവഴിക്കുന്ന തുക ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ**

**തീരദേശ റോഡുകൾ (രൂപ ലക്ഷത്തിൽ)**

| | |
|---|---|
| തിരുവനന്തപുരം | 785.70 |
| കൊല്ലം | 715.60 |
| ആലപ്പുഴ | 1565.40 |
| കോട്ടയം | 298.50 |
| എറണാകുളം | 248.70 |
| തൃശ്ശൂർ | 616.10 |
| പാലക്കാട് | 50.00 |
| മലപ്പുറം | 1234.40 |
| കോഴിക്കോട് | 1097.70 |
| കണ്ണൂർ | 1443.90 |
| കാസർഗോഡ് | 678.30 |

**മത്സ്യബന്ധന തുറമുഖങ്ങൾ**

| | |
|---|---|
| തിരുവനന്തപുരം | 2724.92 |
| കൊല്ലം | 8983 |
| ആലപ്പുഴ | 13955.68 |
| എറണാകുളം | 1660.58 |
| മലപ്പുറം | 12648.58 |
| കോഴിക്കോട് | 1978.10 |
| കണ്ണൂർ | 2968.70 |
| കാസർഗോഡ് | 4063.24 |

## അനുബന്ധം-3

## തീരദേശവാസികൾക്ക് വീട് നിർമ്മിച്ച നൽകുന്നതിനായുള്ള പദ്ധതികൾ സംബന്ധിച്ച് ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയായ പുനർഗേഹം പദ്ധതി നടപ്പാക്കി വരുന്നു. പദ്ധതിയിൽ തീരദേശ ജില്ലകളിലെ 8375 ഗുണഭോക്താക്കൾ മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതിൽ 3382 ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തുകയും 2701 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും 2171 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുകയും 1480 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ഡി.എൽ.എ.സി അംഗീകരിച്ച ഗുണഭോക്താക്കൾ | മാറി താമസിക്കുവാൻ സന്നദ്ധരായവർ | ഫ്ലാറ്റുകളുടെ എണ്ണം | ഡി.എൽ.എം.സി അംഗീകരിച്ച ഗുണഭോക്താക്കൾ | ഭൂമി രജിസ്റ്റർ ചെയ്തവർ | റിലീസ് ചെയ്ത ഗഡുക്കൾ | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | 1st | 2nd | 3rd |
| തിരുവനന്തപുരം | 4981 | 3857 | 3785 | 148 | 1117 | 832 | 599 | 501 | 399 |
| കൊല്ലം | 1580 | 504 | 504 | 0 | 300 | 275 | 247 | 221 | 198 |
| ആലപ്പുഴ | 4660 | 1774 | 1194 | 0 | 758 | 632 | 601 | 445 | 384 |
| എറണാകുളം | 1632 | 241 | 151 | 0 | 72 | 67 | 60 | 54 | 38 |
| തൃശ്ശൂർ | 984 | 719 | 489 | 0 | 323 | 292 | 274 | 254 | 215 |
| മലപ്പുറം | 1806 | 1311 | 1178 | 128 | 396 | 216 | 172 | 132 | 104 |
| കോഴിക്കോട് | 2609 | 323 | 291 | 0 | 99 | 89 | 79 | 71 | 58 |
| കണ്ണൂർ | 1583 | 1583 | 247 | 0 | 151 | 138 | 87 | 67 | 60 |
| കാസർഗോഡ് | 1169 | 1169 | 536 | 0 | 166 | 160 | 52 | 43 | 24 |
| **ആകെ** | **21004** | **11481** | **8375** | **276** | **3382** | **2701** | **2171** | **1788** | **1480** |

അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതി വഴിയാണ് മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ

വിഭാഗം ജനങ്ങൾക്കും ഭവന പദ്ധതി നിലവിൽ നടപ്പാക്കുന്നത്. നിലവിൽ ഭൂമിയുള്ള ഭവന രഹിതരായവരും ഭൂരഹിത ഭവനരഹിതരായവരുമായ അർഹതപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് പദ്ധതിയിലുൾപ്പെടുത്തി ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം നൽകുന്നത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

Life Mission Completed Status as on 24.08.2022

| ജില്ല | ഫേസ് 2 | ഫേസ് 3 | അധിക ലിസ്റ്റ് (ഭൂമി ഉള്ളത്) | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 169 | 20 | 92 | 281 |
| കൊല്ലം | 73 | 17 | 76 | 166 |
| പത്തനംതിട്ട | 0 | 0 | 2 | 2 |
| ആലപ്പുഴ | 649 | 13 | 549 | 1211 |
| കോട്ടയം | 63 | 0 | 42 | 105 |
| ഇടുക്കി | 0 | 0 | 3 | 3 |
| എറണാകുളം | 206 | 8 | 294 | 508 |
| തൃശ്ശൂർ | 26 | 2 | 53 | 81 |
| പാലക്കാട് | 0 | 0 | 5 | 5 |
| മലപ്പുറം | 53 | 10 | 121 | 184 |
| കോഴിക്കോട് | 7 | 0 | 65 | 72 |
| വയനാട് | 0 | 0 | 0 | 0 |
| കണ്ണൂർ | 1 | 19 | 19 | 39 |
| കാസർഗോഡ് | 8 | 12 | 0 | 20 |
| ആകെ | 1255 | 101 | 1321 | 2677 |

**അനുബന്ധം-4**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രദേശത്തെ അടിസ്ഥാന സൗകര്യ വികസനത്തിനും തദ്ദേശവാസികളുടെ ക്ഷേമത്തിനും ജീവനോപാധി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് വിവിധങ്ങളായ പദ്ധതികളുടെ വിശദാംശങ്ങൾ**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രദേശത്തെ അടിസ്ഥാന സൗകര്യ വികസനത്തിനും തദ്ദേശവാസികളുടെ ക്ഷേമത്തിനും ജീവനോപാധി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കി വരുന്നു .

1. പദ്ധതി പ്രദേശത്തെ മത്സ്യബന്ധന / മത്സ്യേതര വിഭാഗത്തിലെ തൊഴിലാളികൾക്ക് ജീവനോപാധി നഷ്ടപരിഹാരമായി സർക്കാർ അംഗീകാരത്തോടെ 2640 പേർക്ക് 99.94 കോടിരൂപ അനുവദിച്ചിട്ടുണ്ട് .

**വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമ നം. | വിഭാഗങ്ങൾ | എണ്ണം | തുക (കോടി) |
|---|---|---|---|
| 1 | ചിപ്പിലോബ്സ്റ്റർ തൊഴിലാളികൾ | 262 | 12.36 |
| 2 | കരമടി | 913 | 54.24 |
| 3 | മണ്ണെണ്ണ ആനുകൂല്യം ലഭിച്ചവർ | 1221 | 27.18 |
| 4 | റിസോർട്ട് തൊഴിലാളികൾ | 211 | 6.08 |
| 5 | സ്വയംസഹായസംഘങ്ങൾ | 33 | 0.08 |
| | **ആകെ** | **2640** | **99.94** |

2. വിഴിഞ്ഞം പ്രദേശത്ത് ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിനായി 7.3 കോടി രൂപ ചെലവിൽ പ്രതിദിനം 3.3 ദശ ലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തി വരുന്നു .

3. 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (1000 ലധികം ) സൗജന്യ ജല വിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു .

4. ഖര മാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

5. വിഴിഞ്ഞം CHC യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു .

6. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതി പ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നില നിർത്തുന്നതിനായുള്ള സമഗ്ര പദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പിലാക്കിയിട്ടുണ്ട് .

7. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട് . ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു .

8. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) ന്റെ കെട്ടിട നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ് . കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം തുറമുഖാനുബന്ധ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾ പ്രദേശവാസികൾക്ക് മുൻഗണന നൽകിക്കൊണ്ട് നടപ്പിലാക്കുന്നതാണ് .

9. പദ്ധതി പ്രദേശത്തിനു സമീപം കായിക അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം നിർമ്മിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ് .

10. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുകയാണ് .

11. പാരിസ്ഥിതി പഠന റിപ്പോർട്ട് അനുസരിച്ചും കേന്ദ്രപരിസ്ഥിതി വകുപ്പിന്റെ വിലയിരുത്തലുകളനുസരിച്ചും തുറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകുകയില്ല എന്നാണെങ്കിലും പനത്തുറ മുതൽ വേളിവരെ തീരദേശത്ത് താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തി 50 ഏക്കർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 190 ഏക്കറോളം സ്വകാര്യ ഭൂമിയും 118.32 ഏക്കർ സർക്കാർ ഭൂമിയും കണ്ടെത്തുകയും ഇതിൽ 6.26 ഏക്കർ സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം തുടർനടപടികൾ നടന്നു വരുന്നു.

പുനരധിവാസത്തിനായി കണ്ടെത്തിയ സർക്കാർ ഭൂമിയിൽ ആറ്റിപ്ര വില്ലേജിൽ സെന്റ്മഗലീന ചർച്ചിന് സമീപം 1.65 ഏക്കർ ഭൂമി ഫിഷറീസ് വകുപ്പിന് കൈവശാവകാശം കൈമാറിനൽകുന്നതിന് അനുമതി നൽകിയെങ്കിലും പള്ളിക്കാരുടെ തർക്കത്തെ തുടർന്ന് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല.

12. മുട്ടത്തറ വില്ലേജിൽ വലിയതുറയിൽ 2.94 ഏക്കർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ട്. ഈ സർക്കാർ ഭൂമിയിൽ 192 ഫ്ലാറ്റ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വികലാംഗർക്ക് പുനരധിവാസം ഉറപ്പാക്കാതെ വലിയതുറയിൽ ഫ്ലാറ്റ് നിർമ്മാണം അനുവദിക്കാൻ

കഴിയില്ല എന്നാണ് ഒരുവിഭാഗം പ്രദേശവാസികളുടെ വാദം. ആയതിനാൽ നിർമ്മാണം ആരംഭിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല .

13. വിഴിഞ്ഞം തുറമുഖ പദ്ധതി പുനരധിവാസ പാക്കേജിന് ഭരണാനുമതി ലഭിച്ച ശേഷം കേരളത്തിലെ തീരദേശത്തെ കടലാക്രമണ ഭീഷണി മനസ്സിലാക്കിയാണ് തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് കഴിയുമാറ് 2450 കോടി രൂപയുടെ പുനർഗേഹം എന്ന ബൃഹത് പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയത്. വിഴിഞ്ഞം പുനരധിവാസ പദ്ധതിയിൽ പ്രഖ്യാപിച്ചിരുന്ന പനത്തുറ മുതൽ വേളി വരെയുള്ള പ്രദേശവും പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ പ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ 1665 ഭവനങ്ങൾ ഉണ്ടായിരുന്നതായി 2018-ൽ നടത്തിയ സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 963 പേർ മാത്രമാണ് സുരക്ഷിത മേഖലയിലേക്ക് മാറി താമസിക്കുവാൻ തയ്യാറായത്. ഇതിൽ 84 പേർ ഭൂമി കണ്ടെത്തുകയും 63 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 28 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

14. ഇതിനു പുറമേ മേൽ പ്രദേശത്ത് കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്കും കടലാക്രമണ ഭീഷണിയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരുടെ പുനരധിവാസത്തിനായി മുട്ടത്തറ വില്ലേജിൽ ക്ഷീരവികസന വകുപ്പിന്റെ കൈവശം ഉള്ള 17.43 ഏക്കർ ഭൂമിയിൽ നിന്നും 8 ഏക്കർ ലഭ്യമാക്കുന്നതിന് അനുകൂല നടപടികളും നടന്നു വരുന്നു.

15. തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റി കൈമാറി തരാം എന്ന് സമ്മതിച്ച കടകംപള്ളി വില്ലേജിലെ 2 ഏക്കർ ഭൂമിയിലും കെട്ടിട സമുച്ചയ നിർമ്മാണത്തിന് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

16. 125 കോടി രൂപയുടെ ജീവനോപാധി പദ്ധതികൾ നടപ്പാക്കുന്നതിനായി 30.3683 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയതിൽ തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് 375.63 ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം 7 മത്സ്യഗ്രാമങ്ങളിലായി 1400 കൃത്രിമപാര് യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി പദ്ധതി മേഖലയിൽ 5.60 കോടി രൂപ ചെലവിൽ 2250 കൃത്രിമപാര് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

17. ഇതിനുപുറമെ സർക്കാർ ധനസഹായത്താൽ നടപ്പാക്കുന്ന ഇതരപദ്ധതികളുമായി ബന്ധപ്പെടുത്തിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെയും വിഴിഞ്ഞം പദ്ധതിമേഖലയിൽ താഴെ പറയുന്ന പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 150 മത്സ്യത്തൊഴിലാളി യുവാക്കൾക്ക് കടൽ രക്ഷാപ്രവർത്തനത്തിൽ പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ 112 പേരുംവിഴിഞ്ഞം തുറമുഖ പദ്ധതി മേഖലയിൽ ഉൾപ്പെടുന്നതാണ്. സാഫ് മുഖേന സ്ത്രീശാക്തീകരണത്തിനായി തീരനൈപുണ്യ പരിശീലനവും

സൂക്ഷ്മതൊഴിൽ സംരംഭങ്ങളും പലിശരഹിതവായ്പ്പയും മത്സ്യവിൽപ്പനയിൽ ഏർപ്പെടുന്നവർക്ക് റിവോൾവിങ് ഫണ്ടും സീഫുഡ് റസ്റ്റോറന്റും മത്സ്യവിൽപ്പനയ്ക്കായി കിയോസ്കുകളും അനുവദിച്ചിട്ടുണ്ട് . മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതികളിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ ധനസഹായത്തിന് പുറമെ മെഡിക്കൽ എൻട്രൻസ് പരിശീലനം , ബാങ്ക്ടെസ്റ്റ് പരിശീലനം , സിവിൽ സർവീസ് പരിശീലനം , പി . എസ് . സി . പരീക്ഷ പരിശീലനം മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് പഠിപ്പിക്കൽ എന്നിവയും പരിശീലന ബോധവത്കരണ പരിപാടികളുടെ ഭാഗമായി കരിയർ ഗൈഡൻസ് , ബോധവത്കരണ ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠന ഉപകരണങ്ങൾ നല്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലാപ് ടോപ്പ് വിതരണവും മേഖല ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ സൗജന്യ വിദ്യാഭ്യാസവും ഒരുക്കിയിട്ടുണ്ട് . കടൽ ദിശാ സൂചക ഉപകരണങ്ങളും രക്ഷാഉപകരണങ്ങളുമായ ലൈഫ്ജാക്കറ്റ്, ലൈഫ്ബോയ്, ജി.പി.എസ്, നാവിക്, സാറ്റലൈറ്റ് ഫോണുകൾ, ഇക്കോസൗണ്ടർ എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. പിടിച്ചെടുത്ത മത്സ്യം കേട്കൂടാതെ കരക്കെത്തിക്കുന്നതിന് കഴിയുമാറ് ഇൻസുലേറ്റഡ് ബോക്സും അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധിയായി വള്ളവും വലയും നൽകുന്ന പദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു .